"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം - ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2061/2024/LSGD തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:-

1. 10.02.2021 തീയതിയിലെ സ.ഉ (പി) നം27/2021/ധന നമ്പർ ഉത്തരവ്.
2. 01/08/2023 തീയതിയിലെ സ.ഉ (സാധാ) നം.1558/2023/തസ്വഭവ നമ്പർ ഉത്തരവ്.
3. 16/03/2024 തീയതിയിലെ സ.ഉ (സാധാ) നം. 646/2024/തസ്വഭവ നമ്പർ ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.09.2024 തീയതിയിലെ LSGD/PD/13796/2024-DEH3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ25% പേർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെന്നും, നിലവിൽ വകുപ്പിൽ 2 6 ടൗൺ പ്ലാനർ തസ്തികയാണുള്ളതെന്നും ആയതിന്റെ 25% ആയ 6 ടൗൺ പ്ലാനർമാർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹതയുണ്ടെന്നും പരാമർശം (2) പ്രകാരം ടൗൺ പ്ലാനർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 12 വരെയുള്ളവർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതായും, അപ്രകാരം നേരത്തെ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് ലഭിച്ചവരിൽ 4 പേർ ടൗൺ പ്ലാനർ ഹയർഗ്രേഡ് തസ്തികയിൽ തുടരുന്നതായും, ടി ജീവനക്കാർക്ക് ശേഷം സീനിയോറിറ്റി ലിസ്റ്റിൽ തുടർച്ചയായി വരുന്ന 2 ടൗൺ പ്ലാനർമാർക്ക് ചുവടെ ചേർത്തിരിക്കും പ്രകാരവും,

| ക്രമ നം. | പേര് | സീനിയോറിറ്റി നമ്പർ | പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച പ്രാബല്യ തീയതി | റേഷ്യോ ഹയർ ഗ്രേഡിന് അർഹമായ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മീനാകുമാരി. എസ് (31/05/2023 തീയതിയിൽ വിരമിച്ചു) | 13 | 25/03/2016 | 01/02/2023 | സി.കെ. സബിതാമിനി (Seniority No.5) 31/01/2023 തീയതിയിൽ വിരമിച്ച ഒഴിവിൽ |
| 2 | സി. വിനോദ് കുമാർ (LWA ക്ക് ശേഷം 24.05.2023ൽ ജോലിയിൽ പ്രവേശിച്ചു) | 1 | 23/02/2007 | 01/06/2023 | കെ.എം. സിന്ധു (Seniority No.9) 31/05/2023 തീയതിയിൽ വിരമിച്ച ഒഴിവിൽ |

മേൽ പറഞ്ഞവരിൽ ശ്രീമതി. മീനാകുമാരി.എസ് 31/05/2023 തീയതിയിൽ സർവ്വീസിൽ നിന്ന് വിരമിക്കുകയും , ശ്രീ.സി.വിനോദ് കുമാർ-ന് പരാമർശം (3)-ലെ ഉത്തരവ് പ്രകാരം സീനിയർ ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിക്കുന്നതിന് 2 ഒഴിവ് കൂടി ഉണ്ടാകുന്നത് വഴി സീനിയോരിറ്റി ലിസ്റ്റിലെ തുടർന്നുവരുന്ന 2 ടൗൺ പ്ലാനർമാർക്ക് കൂടി 1,07,800-1,60,000 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നും പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ചുവടെ പരാമർശിക്കുന്ന 4 ജീവനക്കാർക്ക്, ടി ജീവനക്കാരുടെ പേരുകൾക്കൊപ്പം പ്രതിപാദിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ , XI -ാം പേ റിവിഷൻ ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, ആകെയുള്ള ടൗൺ പ്ലാനർ തസ്തികയുടെ 25% -ത്തിൽ ഹയർഗ്രേഡ് അനുവദിച്ചവരുടെ എണ്ണം അധികരിക്കരുത് എന്ന നിബന്ധനയോടും, കെ.എസ്.ആർ. ഭാഗം I

, റൂൾ 23 (ഡി) പ്രകാരം ഹയർ ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി മുതൽ പരമാവധി ഒരു വർഷം മുൻപ് വരെ മാത്രമേ സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിലും ടൗൺ പ്ലാനർ തസ്തികയിൽ 1,07,800-1,60,000 ശമ്പളസ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | റേഷ്യോ ഹയർഗ്രേഡിന് അർഹമായ തീയതി |
|---|---|---|
| 1 | മീനാകുമാരി. എസ് | 01/02/2023 |
| 2 | സി. വിനോദ് കുമാർ | 01/06/2023 |
| 3 | പി. രവി കുമാർ | 01/06/2023 |
| 4 | റ്റി.കെ. ഗിരീഷ് കുമാർ | 17/03/2024 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മുഖ്യ നഗരാസൂത്രകൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (EWB3/ 187/2023-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 29-10-2024 17:11:32